

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുതലമട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി 19/1631/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/11/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതലമട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതലമട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതലമട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി തീയ്യതി: 12/11/2025
19/1631/25

പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2024 മുതൽ 22-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു പി	ഡെപ്യൂട്ടി ഡയറക്ടർ	23-09-2025	04-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2025	04-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രീത യു ഓഡിറ്റ് ഓഫീസർ
ബീന എം വി സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിന്നീസ എൻ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി കൽപ്പനാദേവി പി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി കെ സി പ്രേമലത	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	05-05-2024
ശ്രീ പ്രസാദ് എം	സെക്രട്ടറി	06-05-2024	06-09-2024
ശ്രീമതി കെ സി പ്രേമലത	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-09-2024	09-10-2024
ശ്രീമതി മേരി ബിബിയാന	സെക്രട്ടറി	10-10-2024	30-12-2024
ശ്രീ രജീഷ് കുമാർ സി സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	31-12-2024	20-01-2025
ശ്രീമതി ഷീജാ ബീവി പി എച്ച്	സെക്രട്ടറി	21-01-2025	26-01-2025
ശ്രീ രജീഷ് കുമാർ സി സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	27-01-2025	21-02-2025
ശ്രീമതി ഷീജാ ബീവി പി എച്ച്	സെക്രട്ടറി	22-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എം ശിവദാസൻ	അസി.സെക്രട്ടറി	01-04-2024	04-06-2024
ശ്രീ ലെജിത്ത് സി കെ	അസി.സെക്രട്ടറി	05-06-2024	02-02-2025
ശ്രീ ഷെയ്ൻ ചാക്കോ	അസി.സെക്രട്ടറി	03-02-2025	31-03-2025
ശ്രീ അരുൺ ടി	അസി. എഞ്ചിനീയർ	01-04-2024	18-09-2024
ശ്രീ കൃഷ്ണനുണ്ണി കെ സി	അസി. എഞ്ചിനീയർ	19-09-2024	31-03-2025
ശ്രീമതി അശ്വതി സി	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ മുത്തുസ്വാമി കെ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ഹിസാന സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	14-04-2024
ശ്രീമതി സുബിത ടി പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	15-04-2024	06-08-2024
ശ്രീമതി കനകവല്ലി	ഐ.സി.ഡി.എസ്	07-08-2024	11-08-2024

	സൂപ്പർവൈസർ		
ശ്രീമതി ഹീര ടി എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12-08-2024	31-03-2025
ഡോ.അരുൺരാജ്	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി	01-04-2024	31-03-2025
ഡോ. ശിൽപ്പ വി കുമാർ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2024	31-03-2025
ശ്രീ അനന്തൻ എൻ	ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്	01-04-2024	13-06-2024
ശ്രീമതി പ്യാരി ജാൻ	ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്	14-06-2024	31-03-2025
ശ്രീ മൻസൂർ അലി	വി.ഇ.ഒ 1	01-04-2024	23-04-2024
ശ്രീ സുജേഷ്	വി.ഇ.ഒ 1(ഇൻ ചാർജ്ജ്)	24-04-2024	11-11-2024
ശ്രീമതി ശ്രീലേഖ എസ്	വി.ഇ.ഒ 1	12-11-2024	31-03-2025
ശ്രീ സുജേഷ്	വി ഇ ഒ 2	01-04-2024	31-03-2025
ശ്രീമതി വിസ്മയ വി വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	02-06-2024
ശ്രീമതി ആതിര എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	03-06-2024	31-03-2025
ശ്രീമതി ശ്രുതി കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ	1-1-2
4	ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല	1-1-3
5	Capital Work In Progress മൂല്യം ബാലൻസ്ഷീറ്റിൽ പ്രതിഫലിക്കുന്നില്ല	1-1-4
6	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അനുവദിച്ച തുകകൾ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല	1-1-5
7	തൊഴിൽ നികുതി രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല	1-1-6
8	രജിസ്റ്ററുകളുടെ അഭാവത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഗ്രാന്റ് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	പ്രത്യേകോദ്ദ്യേശ ഗ്രാന്റുകൾ - നീക്കിയിരുപ്പ് നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്	1-11
19	വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പൊരുത്തപ്പെടുത്തൽ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-12
20	വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്നു	1-13-1
21	വസ്തു നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-13
22	തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല	1-14-1
23	പഞ്ചായത്തിലെ ദിവസ വേതന/കോൺട്രാക്റ്റ് ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-14-2
24	തൊഴിൽ നികുതി രജിസ്റ്ററുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-14-3
25	സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി	1-14-4

	ഈടാക്കുന്നില്ല	
26	തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-14
27	വിവിധ മേഖലകളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-15-1
28	ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന് അനുസൃതമായി ഈടാക്കിയിട്ടില്ല	1-15
29	ആംബുലൻസ് വാടക വരവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-16
30	പൊളിച്ചുമാറ്റിയ കെട്ടിട അവശിഷ്ടങ്ങൾ നാളിതുവരെ ലേലം ചെയ്തില്ല	1-17
31	വാടക പിരിവ് -കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-18
32	വിവിധ വരവിനങ്ങളിലെ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല	1-19
33	കുടുംബാരോഗ്യ കേന്ദ്രം - താത്കാലിക ജീവനക്കാർക്ക് അധികവേതനം നല്കി	1-20
34	സർക്കാർ ഉത്തരവ് പാലിക്കാതെ കുടുംബാരോഗ്യ കേന്ദ്രത്തിൽ രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചു	1-21
35	ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല	1-22
36	നടീൽ വസ്തുക്കൾ ലഭ്യമായിട്ടില്ല	1-23
37	വയോജനങ്ങൾക്ക് വിനോദയാത്ര- മാർഗരേഖ പാലിക്കാതെ പദ്ധതി നടപ്പാക്കി	1-24
38	വൃദ്ധർക്ക് കട്ടിൽ- ജനറൽ - മുഴുവനും വിതരണം ചെയ്തിട്ടില്ല	1-25
39	തൂണക്കടവ് ജി.ടി.ഡ്യൂ.എൽ. പി സ്കൂളിന്റെ വൈദ്യുതി ബിൽ യഥാസമയം അടവാക്കിയിട്ടില്ല	1-26
40	സൗരവേലി - തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല	1-27
41	കിഴക്കേ മല്ലൻ കുളമ്പ് അങ്കണവാടി നിർമ്മാണം - തുക വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകളില്ല	1-28
42	ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്	1-29
43	സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈമാറൽ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം	1-30
44	ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-31
45	സൗരറാന്തൽ - വിതരണം പൂർത്തിയായാക്കിയില്ല	1-32
46	എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over) - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-33
47	എസ്.ടി കുട്ടികൾക്കായി പഠനമുറി (Spill Over) - പ്രവൃത്തി പൂർത്തീകരിച്ചില്ല	1- 34
48	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over) - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-35
49	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി	1- 36

	പൂർത്തീകരിച്ചില്ല	
50	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം	1-37
51	ഇതരവകുപ്പുകളിൽ നിന്ന് നിരാക്ഷേപപത്രം ലഭ്യമാക്കാതെ പദ്ധതി രൂപീകരിക്കുന്നതിനാൽ പൂർത്തീകരണം വൈകുന്നു	1-38
52	തൊട്ടിയത്തറ ഗ്യാസ് ക്രിമറ്റോറിയം - 2021-22 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല	1-39
53	പദ്ധതികളുടെ പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതാണ്	1-40
54	ഇ-ടെണ്ടർ വരവ് സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്	1-41
55	തെരുവു വിളക്ക് പരിപാലനം	1- 42
56	കുടുംബശ്രീ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു	1- 43
57	ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം	1- 44
58	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-45
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കുടുംബാരോഗ്യ കേന്ദ്രം - താത്കാലിക ജീവനക്കാർക്ക് വേതനം അധികം നല്കി	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-5
6	വായ്പ /വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Annual Financial Statements	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മുതലമട ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.06.25 തീയതിയിലെ 9/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രിക കൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു ന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുതലമട ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,
തീയതി : 12-11-2025.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ താഴെ ചേർക്കുന്നു.

ക്യാഷ്ഫ് സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18742162.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തി യിരിക്കുന്നത് -8913167.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കി യിട്ടുണ്ട് എന്ന് വ്യക്തമല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets), B-11(a) – Accumulated Depreciation - എന്നീ ഷെഡ്യൂളുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-4 Capital Work In Progress മൂല്യം ബാലൻസ്ഷീറ്റിൽ പ്രതിഫലിക്കുന്നില്ല

തൻവർഷം പാർട്ട് ബില്ലുകൾ നൽകിയിരിക്കെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(b) - പ്രകാരം Capital Work In Progress മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-5 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അനുവദിച്ച തുകകൾ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല

സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് താഴെ പറയും പ്രകാരം അനുവദിച്ച തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ (Loans, Advances & Deposits) ഉൾപ്പെടുത്തിയിട്ടില്ല.

ANERT – 471226

KSEB -182157

1-1-6 തൊഴിൽ നികുതി രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഇനം	അക്കൗണ്ട് ഹെഡ്	അക്കൗണ്ട്സ് പ്രകാരം	രജിസ്റ്റർ പ്രകാരം
Profession Tax-Traders	വരവ് (RP-45)	108610	220970
Profession Tax-Employees	വരവ് (RP-1)	2305480	156790

1-1-7 രജിസ്റ്ററുകളുടെ അഭാവത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞില്ല

താഴെ പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.ലേലം രജിസ്റ്റർ

2.പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ലൈസൻസ് രജിസ്റ്റർ

3.ട്യൂട്ടോറിയൽ ലൈസൻസ് രജിസ്റ്റർ

മേൽ പറഞ്ഞ രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

1-2 ബജറ്റ്

ധനകാര്യസ്ഥിരം സമിതിയുടെ 6.02.24 തീയതിയിലെ തീരുമാനം നം. 1 പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 12.02.24 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരവും 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചിടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	80271399
തൻവർഷം വരവ്	477407000
ആകെ	557678399
ചെലവ്	460701000

നീക്കിയിരിപ്പ്	96977399

പഞ്ചായത്ത് ഭരണ സമിതിയുടെ 24.02.25 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

പ്രാരംഭ ബാക്കി	34484080
തൻവർഷം വരവ്	446467000
ആകെ	480951080
ചെലവ്	445071000
നീക്കിയിരിപ്പ്	35880080

1-3 സാമ്പത്തിക വിശകലനം

Receipt & Payment Schedule പ്രകാരം

മുന്നിരിപ്പ്	52723890
വരവ്	75714466
ആകെ	128438356
ചെലവ്	56972304
നീക്കിയിരിപ്പ്	71466052

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
വികസനഫണ്ട് -ജനറൽ	0	39954790	39954790	34285949	5668841
വികസനഫണ്ട് - എസ്.സി.പി	0	16831000	16831000	11638688	5192312
വികസനഫണ്ട് - ടി.എസ്.പി		18352000	18352000	12967100	5384900
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	43606000	43606000	9890604	33715396
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	15175000	15175000	9537829	5637171
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക്	11377728	16407000	27784728	6318728	21466000

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ട്രഷറി	0	3105756	3105756	989625	2116131
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ബാങ്ക്	2757415	8382914	11140329	3460519	7679810
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ട്രഷറി	0	638018	638018	87263	550755

പ്രത്യേകോദ്ദേശ ഗ്രാന്റുകൾ

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ICDS	3109207	4044256	7153463	2346887	4806576
ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure)	1198206	506576	1704782	971563	733219
ഹെൽത്ത് ഗ്രാന്റ്(Conversion To Wellness Centres)	640335	755061	1395396	482440	912956
SC ഫണ്ട്	30000	50000	80000	50000	30000
ST ഫണ്ട്	2222437	0	2222437	0	2222437
കുടിവെള്ളപദ്ധതി	333333	0	333333	0	333333

സംസ്ഥാനാവിഷ്കൃതം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചിത്വം	5367745	0	5367745	0	5367745
ലൈഫ് മിഷൻ	3540000	0	3540000	100000	3440000

ഗ്രാന്റ് വിനിയോഗം, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 5614572/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 1291410/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് വ്യത്യസ്തമാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
335	331823447	181	104380427	154	54

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 54% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 31% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടേയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	7	18250560	9257954	51
വെറ്ററിനറി സർജൻ	2	2	350000	348233	99.4
മെഡിക്കൽ ഓഫീസർ- PHC	21	19	9060095	5448432	60
മെഡിക്കൽ ഓഫീസർ- ആയുർവ്വേദം	6	5	1449440	1301484	90
ഐ.സി.ഡി.എസ് സൂപ്പർവൈസർ	19	16	13655162	9181763	67
വി.ഇ.ഒ 1	20	11	114771937	15455500	13.5
സെക്രട്ടറി	38	31	25176066	15405057	61.2
അസി.സെക്രട്ടറി	30	16	17022891	7590270	45
അസിസ്റ്റന്റ്	179	61	120098546	31830288	27

എഞ്ചിനീയർ					
ഹെഡ് മാസ്റ്റർ, ജി എൽ പി എസ്	8	8	4761751	2731489	57
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	5370000	4266958	79
സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	3	3	1856999	1562999	84
ആകെ	335	181	331823447	104380427	31

നിർവ്വഹണോദ്യോഗസ്ഥരായ വി ഇ ഒ, അസി.എഞ്ചിനീയർ എന്നിവരുടെ ചെലവ് 30% ത്തിൽ താഴെ മാത്രമാണ്. പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും, പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം സ്പിൽ ഓവർ പദ്ധതികൾ അവ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കേണ്ടതുമാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണപരമായ വരവ് ചെലവുകൾ	17231.4	1609860	1627091.4	1624695	2396.4
ഇ എഫ് എം എസ്	0	42018535	42018535	42018535	0
ആകെ	17231.4	43628395	43645626.4	43643230	2396.4

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	7155200	438
2	വിധവാ പെൻഷൻ	33459000	2228
3	വാർദ്ധക്യകാല പെൻഷൻ	41165300	2891
4	വികലാംഗ പെൻഷൻ	5595700	361
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള	562800	41

	പെൻഷൻ		
6	വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30000	2

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2025 തീയ്യതിയിൽ 3.10 Pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പ്രസ്തുത ദിവസം 2074 (രണ്ടായിരത്തി എഴുപത്തി നാല്) രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ആംബുലൻസ് നടത്തിപ്പ് ചുമതല ഓഫീസ് ഓർഡർ പ്രകാരം ഉദ്യോഗസ്ഥർക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം അക്കൗണ്ടിംഗ്, തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്. K Smart Software 01.04.2025 മുതൽ നിലവിൽ വന്നിട്ടുണ്ട്. കെ.സ്മാർട്ടിൽ ബാങ്ക് റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ വരാത്തതിനാൽ പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പൗരാവകാശരേഖ 2021 വരെ മാത്രമാണ് കാലികമാക്കിയിട്ടുള്ളത്. 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്.
വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി മാത്രമാണ് വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ ക്ലോസ് ചെയ്തിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നിരിക്കെ പദ്ധതി മോണിട്ടറിങ്ങിനായി യോഗം ചേർന്നിട്ടില്ല.

ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ, സകർമ്മ ആപ്ലിക്കേഷൻ മുഖേനയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും സാങ്കേതിക തകരാർ കാരണം മിനുട്സുകൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല . എന്നാൽ സകർമ്മ മുഖേന തീരുമാന വിവരങ്ങൾ പരിശോധിക്കുവാൻ കഴിയുന്നുണ്ട്.

വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമങ്ങൾ സകർമ്മ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കുവാൻ ആരംഭിച്ചിട്ടില്ല. സാമ്പത്തിക വർഷത്തെ വാങ്ങലുകൾ അംഗീകരിച്ച പർച്ചേസ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല.(അസി. സെക്രട്ടറിയുടെ വാങ്ങലുകൾ ഒഴികെ)

കമ്പ്യൂട്ടർ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല. 2022 വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. സെക്രട്ടറി, അസി. സെക്രട്ടറി എന്നീ ഉദ്യോഗസ്ഥരുടെ പദ്ധതി ഫയലുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാനവലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

13.05.2019 മുതൽ 25.05.2019 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013–2014 മുതൽ 2018–2019 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

1-11 പ്രത്യേകോദ്ദ്യേശ ഗ്രാന്റുകൾ - നീക്കിയിരുപ്പ് നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള താഴെപ്പറയുന്ന തുകകളുടെ വിശദവിവരങ്ങൾ, തുക ലഭ്യമായ വർഷം, നിലനിൽക്കുന്ന അക്കൗണ്ടിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ക്രമനം	കോഡ്	തുക	റിമാർക്സ്
2	320200214	2222437	Devpt. Of ST -Capital
3	320200305	333333	Drinking Water Scheme
4	320300199	539400	Grant For Specific Purpose -Other Govt.Agencies

5	320800199	122790	Grant For Specific Purpose - Capital

മുൻവർഷങ്ങളിലെ വാർഷികകണക്കുകൾ പ്രകാരം മേൽ തുകകൾ 2021-22 വർഷം മുതൽ നീക്കിയിരുപ്പായി നിലനിൽക്കുന്നു. നീക്കിയിരുപ്പിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/26.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാധകമായ ഉത്തരവുകൾ പ്രകാരം തിരിച്ചടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പൊരുത്തപ്പെടുത്തൽ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 2024-25 വർഷത്തെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, പാസ് ബുക്ക്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) 2025 മാർച്ച് മാസത്തെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന അക്കൌണ്ടുകളുടെ "Cheque Deposited But Not Cleared" എന്ന വിഭാഗത്തിൽ നാളിതുവരെയായിട്ടും ക്രെഡിറ്റായിട്ടില്ലാത്ത ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)District Co.Operative Bank-Own Fund-3601020000043

ക്രമ നം.	വൌച്ചർ നം.	തീയതി	ചെക്ക് നം./ തീയതി	തുക
1	11601500048	01.03.2017	276975/ 31.01.2017	22800
2	117010500018	19.10.2017	278218/ 31.07.2017	27000
3	117010500017	19.10.2017	278700/ 11.10.2017	11000
4	118010400021	15.02.2019	341308/30.01.2019	26250
5	12003050022	25.08.2020	7140614000/24.08.2020	6250
6	1230200129	24.04.2023	089232393211519/30.03.23	17500
7	1240200082 മുതൽ 1240200159 വരെ	11.04.2024	177431/27.03.2024	398731
	ആകെ			509531

വർഷങ്ങളായിട്ടും ക്രെഡിറ്റാവാത്ത ചെക്കുകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും ചെക്കു നൽകിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .

Ii)**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-E Payment-67385334878**

ക്രമ നം.	വൌച്ചർ	തീയതി	ചെക്ക് നം./	തുക

	നം.		തീയതി	
1	1230000686	15.11.2023	39350/15.11.2023	39350

2)2025 മാർച്ച് മാസത്തെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന അക്കൌണ്ടിന്റെ "Cheque Issued But Not Presented In To Bank" എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ നാളിതുവരെയായിട്ടും പിൻവലിച്ചിട്ടില്ല എന്ന് കാണുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-33719005646

ക്രമ നം.	വൌച്ചർ നം.	തീയതി	ചെക്ക് നം./ തീയതി	തുക
1	22400759	21.03.2025	195545/ 20.03.2025	56290
2	22400780	31.03.2025	"	423037
3	22400841	26.03.2025	"	6566
4	22400837	"	"	33015
5	22400838	"	"	9166
6	22400839	"	"	25885
7	22401207	31.03.25	"	18012
8	22401209	"	195547/29.03.25	65927
	ആകെ			637898

കാലഹരണപ്പെട്ട ചെക്കുകൾ സ്ഥാപനത്തിന്റെ തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

3)താഴെ പറയുന്ന ബാങ്ക് അക്കൌണ്ടിന്റെ 2025 ഫെബ്രുവരി മാസത്തെ റിക്കൺസിലേഷൻ പത്രിക പ്രകാരം Cheque Deposited,But Not Cleared എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ മാർച്ച് മാസത്തിൽ ക്രെഡിറ്റ് ആയിട്ടില്ലെങ്കിലും മാർച്ച് മാസത്തെ റീ കൺസീലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ഫെഡറൽ ബാങ്ക് 10860200005242-മുതലമട

ക്രമ നം.	വൌച്ചർ നം/തീയതി	ചെക്ക് നം/ തീയതി	തുക
1	1240201216 /07.09.24	823312/02.09.24	5000
2	1240201111/29.08.24	534121/31.07.2024	575
3	1240202786/12.02.25	981512/06.02.25	8750
4	1242202799/13.02.25	534152/06.02.2025	1250
5	1240202800/13.02.2025	534151/04.02.25	500
6	1240202801/13.02.25	534150/04.02.25	150
7	1240202875/13.02.25	534149/31.01.25	3850
8	1240202876/13.02.2025	"	1250
9	1240201112/29.08.24	534121/01.07.25	1250
10	1240201244/11.09.24	744749/11.09.24	74170
11	1240201113/29.08.24	534121/31.07.24	5175

ആകെ		101920

പരിശോധിച്ച് അപാകത പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4)താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ 2024 ഏപ്രിൽ മാസത്തെ ബാങ്ക് ബുക്ക് ബാലൻസ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്,വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ഇവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

A) **Sub Treasury-LGTSB Own Fund-799013000000484**

തീയതി	റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസ്	വാർഷിക കണക്ക് പ്രകാരമുള്ള ബാലൻസ്	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ്
01.04.2024	-643898.00	-135420.00	0

അപാകത പരിഹരിക്കേണ്ടതാണ്.

5)വാർഷിക ധനകാര്യ പത്രികയിലും, ബാങ്ക് ബുക്കിലും, റിക്കൺസിലേഷൻ പത്രികയിലും പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ട് നം.4296000100065190 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൌണ്ട് നം.4296000100065197 ആണ്.

അക്കൌണ്ട് നം. ശരിയായി രേഖപ്പെടുത്തേണ്ടതാണ്.

6)Canara Bank Literacy-1317101009753 എന്ന അക്കൌണ്ട് 2023 വർഷത്തിൽ ക്ലോസ് ചെയ്തിട്ടുള്ളതാണ്.എന്നാൽ ഓഡിറ്റ് വർഷത്തെ വാർഷിക കണക്കിൽ പ്രസ്തുത അക്കൌണ്ട് ഉൾപ്പെടുത്തിയിരിക്കുന്നു.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/24-09-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13-1 വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്നു

ലൈസൻസ് അപേക്ഷകളിൽ വാണിജ്യ ആവശ്യങ്ങൾക്ക് നൽകിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

നം.	സ്ഥാപനം/ കെട്ടിട നം	സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം
1	കോഴി ഫാം,1/326	പാർപ്പിടാവശ്യം
2	പ്ലാസ്റ്റിക് ചാക്ക് റീപ്രോസസ്സിങ് യൂണിറ്റ്,8/503	“
3	പ്ലാസ്റ്റിക് ചാക്ക് റീപ്രോസസ്സിങ്	“

	യൂണിറ്റ്,8/504	
4	എ.കെ.ട്രേഡേഴ്സ്, പഴയ ഫർണിച്ചർ,ജനൽ,കട്ടള വിൽപ്പന,20/385	“
5	ക്രഷർ യൂണിറ്റ്, 9/674	“
6	ക്രഷർ യൂണിറ്റ്,10/240	“

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/29.09.25) മറുപടിയായി തെറ്റായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളെ റീ അസസ്മെന്റ് ചെയ്ത് ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-13 വസ്തു നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വസ്തുനികുതി വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്വെയർ, രജിസ്റ്ററുകൾ, വാർഷികകണക്ക് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

I.സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി പരിശോധിച്ചതിൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വിവിധ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമസ്ഥന്റെ പേര്	കെട്ടിട നം	സഞ്ചയ പ്രകാരം വിസ്തീർണ്ണം (ച. മീ)
1	ബിന്ദു.എസ്,സ്മാർട്ട് കയർ	7/269	257.85
2	പി എസ് സുലൈമാൻ , പള്ളം , മുതലമട	3/21	130
3	ബഷീർ, നാഗിർപാടം, മീങ്കര ഡാം	3/227	180
4	സെക്രട്ടറി, എം പുതൂർ , ഗോവിന്ദാപുരം	5/511	142.2
5	എസ് ബിന്ദു, നീലിപ്പാറ, ഗോവിന്ദാപുരം	7/269	257.85

6	എസ് ശാന്തകുമാരി, കരടിക്കുന്നു, ഗോവിന്ദാപുരം	12/511	275.53
7	ഫെഡറൽ ബാങ്ക്, കാമ്പ്രത്ത് ചള്ള	15/59	220

ഓഡിറ്റ് അന്വേഷണത്തിന് (നം.38/3.10.25) മറുപടിയായി പ്രസ്തുത കെട്ടിടങ്ങൾക്ക് Tax Reassessment നടത്തി നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

II)സഞ്ചയ സോഫ്റ്റ് വെയറ് പ്രകാരം അനധികൃത കെട്ടിടങ്ങൾ 21 എണ്ണമാണ് ഉള്ളത്. അതിൽ താഴെ പറയുന്ന കെട്ടിടത്തിന് വർഷങ്ങളായി നികുതി ഈടാക്കുന്നില്ല.

സ്ഥാപനം/വാർഡ്/ കെട്ടിട നം	വസ്തു നികുതി ഈടാക്കേണ്ടുന്ന വർഷം	സഞ്ചയ പ്രകാരം അടവാക്കാന വശേഷിക്കുന്ന നികുതി
ഹണി ഹട്ട്, 15-1-UA-(പാർപ്പിടാവശ്യം)	2020-21മുതൽ 2024-25 വരെ	18019

പ്രസ്തുത കെട്ടിടത്തിന് തൻ വർഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-14-1 തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല

ഉ.(സാധാ) നം 1149/2024/L.S.G.D തിരുവനന്തപുരം, തീയതി 27-06-24 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 ഒക്ടോബർ 1 മുതൽ(2024 രണ്ടാം അർദ്ധ വർഷം മുതൽ) പ്രാബല്യം ഉണ്ട്. പരിഷ്കരിച്ച നികുതി നിരക്കുകൾ ചുവടെചേർക്കുന്നു.

S.I No.	Range Of Half Yearly Income	Current Rate (In Rupee)	New Rate (In Rupee)
1	Up To Rs 11,999/-	Nil	Nil
2	Rs 12000 To 17999/-	120	320
3	Rs 18000 To 29999/-	180	450
4	Rs 30000 To 44999/-	300	600
5	Rs 45000 To 99999/-	450/600/750	750

6	Rs 100000 To 124999/-	1000	1000
7	Rs 125000 Onwards	1250	1250

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധ വർഷത്തിൽ കുറവായി ഈടാക്കിയതായി കാണുന്നു.

സ്ഥാപനം	ജീവനക്കാരന്റെ പേര്, അർദ്ധ വർഷ വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി	വ്യത്യാസം
കേരള ഫീഡ്സ് ലിമിറ്റഡ്,കുറ്റിപ്പാടം	1.രാജൻ.കെ,59999	450	750	300
	2.വള്ളിയമ്മ.വി,59999	450	750	300
	3.ശ്യാമള,59999	450	750	300
	4.ദേവി.കെ,59999	450	750	300
	5.ശോഭന.എ),59999	450	750	300
	6.ശാന്ത.ആർ,59999	450	750	300
	7.സുനിത.എസ്,59999	450	750	300
	8.സനൂബ്.യു,59999	450	750	300
	9.കെ.രാജൻ,59999	450	750	300
	10.സുമേഷ്.ടി എൻ,59999	450	750	300
കള്ള് ഷോപ്പ്,നാഗർപാടം	സുരേഷ്,45000	600	750	150
കള്ള് ഷോപ്പ്,കുറ്റിപ്പാടം	രാഹുൽ.ആർ,45000	600	750	150
ആകെ		5700	9000	3300

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/29.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറവു വന്ന തൊഴിൽ നികുതി ഭരണ തല നടപടികളിലൂടെ ഈടാക്കി തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ കാലയളവിലെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

1-14-2 പഞ്ചായത്തിലെ ദിവസ വേതന/കോൺട്രാക്റ്റ് ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിലെ LID & EW വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ള 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം വിവിധ പ്രവൃത്തികളുടെ കരാറുകളിലേർപ്പെട്ടിരിക്കുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ഹിരോഷ് കുമാർ.സി

2.പ്രമോദ് കുമാർ.ജി

3.സബീർ അലി.എം.ബി

4.ഇ.എൻ അനന്തൻ

5.സുനിൽ.ആർ

6.ആർ.ശശി

7.ഉമ്മർ കോയ.ഇ.വി

8.സഞ്ജയ്.പി

9.മുകുന്ദൻ.കെ

10.അസ്സൻ മുഹമ്മദ്

11.അൻസാരി.എ

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോൺട്രാക്റ്റ്/ദിവസവേതന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.നിഷാദ്.എ,ടെക്നിക്കൽ അസിസ്റ്റന്റ്

2.കാജാ ഹുസൈൻ,ഡ്രൈവർ

3.റഷീദ് അലി,ആംബുലൻസ് ഡ്രൈവർ

4.മത്തായി,ട്രാക്ടർ ഡ്രൈവർ

5.മഞ്ജു,പ്രൊജക്റ്റ് അസിസ്റ്റന്റ്

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/29-09-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14-3 തൊഴിൽ നികുതി രജിസ്റ്ററുമായി ബന്ധപ്പെട്ട അപാകങ്ങൾ

I)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1&2 അർദ്ധ വർഷങ്ങൾ

I.ബി.എസ്.എൻ.എൽ ടെലികോം,മൂച്ചാംകുണ്ട്

Ii.പാലക്കാട് ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്

Iii.ഫെഡറൽ ബാങ്ക്,കാമ്പ്രത്ത് ചള്ള

Iv.പോസ്റ്റ് ഓഫീസ്,മീങ്കര ഡാം

V.കെ.എൽ.ഫിൻകോർപ്പ്,കാമ്പ്രത്ത് ചള്ള

Vi.ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്,കൊല്ലങ്കോട്

Vii.കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്,കാമ്പ്രത്ത് ചള്ള

Viii.ക്ഷീര വ്യവസായ സഹകരണ സംഘം-P3-ഈസ്റ്റ്

Ix.താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്,ചിറ്റൂർ

X.കള്ള് ഷോപ്പ്,ഗോവിന്ദാപുരം

Xi.കള്ള് ഷോപ്പ്,അടവുമരം

2ാം അർദ്ധ വർഷം

1.ഫിഷറീസ്,ചുള്ളിയാർ ഡാം

2.ഗവ.ആയുർവേദ ഡിസ്പെൻസറി,കുരിയാർക്കുട്ടി

3.ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,കൊല്ലങ്കോട്

4.വാട്ടർ അതോറിറ്റി ,പി.എച്ച്.ഡിവിഷൻ

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II)തൊഴിൽ നികുതി രജിസ്റ്റർ അപൂർണമായാണ് സൂക്ഷിച്ചിരിക്കുന്നത്.നികുതി അടവാക്കിയ പല സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:

1&2 അർദ്ധ വർഷങ്ങൾ

1.ഫോറസ്റ്റ് റേഞ്ച് ഓഫീസ്,കൊല്ലങ്കോട്

2.കെ.എസ്.ഇ.ബി,മുതലമട

3.എസ്.ബി.ഐ,മുതലമട

4.പ്രീ മെട്രിക് ഹോസ്റ്റൽ,മുതലമട

5.ജി.എം.എൽ.പി.എസ്,കുറ്റിപ്പാടം

6.ജി.എൽ.പി.എസ്,പറമ്പിക്കുളം

2ാം അർദ്ധ വർഷം

1.സ്റ്റേറ്റ് സീഡ് ഫാം,മുതലമട

2.ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്,മീങ്കര

3.ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്,ചുള്ളിയാർ

4.പ്രീ മെട്രിക് ഹോസ്റ്റൽ,ചുങ്കം

5.പി.എച്ച്.സി,പറമ്പിക്കുളം

III)അക്ഷയ സെന്ററുകൾ, റേഷൻ ഷോപ്പുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/29-09-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-14-4 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ലൈസൻസ് അപേക്ഷകളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കുന്നില്ല എന്ന് കണ്ടെത്തി.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്/ കെട്ടിട നം.	ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
1	ന്യൂജെൻഫൈബർ, 7/281,282	9
2	കൈരളി എന്റർപ്രൈസസ് ,6/415	7
3	ഇളവേനിൽ കോക്കനട്ട് ഓയിൽ, 12/463	9
4	എസ്.എൻ.റോക്ക് പ്രൊഡക്റ്റ്സ്,17/916,	15
5	സ്മാർട്ട് കയർ,7/269,270	9
6	വർഷ ഫ്രെഷ് മീറ്റ്സ്,12/441	20
7	കുമാർ ഫ്യുവൽസ്,15/29	9

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി റിട്ടേണുകൾ ലഭ്യമാക്കി ബാധകമായ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന്(30/29.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത്

പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്

2024-25 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-15-1 വിവിധ മേഖലകളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1)ഗൂഗിൾ എർത്ത് സെർച്ച് എൻജിൻ പ്രകാരം പരിശോധിച്ചതിൽ 15-ാം വാർഡിൽ FIT ZONE GYM എന്ന ജിംനേഷ്യം പ്രവർത്തിക്കുന്നുണ്ട്.പ്രസ്തുത ജിംനേഷ്യത്തിന് നിയമാനുസൃതം വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക.

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക.

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയുള്ള കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല.

ഫീൽഡ് പരിശോധന നടത്തി ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടതും അവയ്ക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ,കള്ള് ഷോപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.23/29.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടവാക്കിയിട്ടില്ല എന്ന് കാണുന്നു.

I)സജ്ന വുഡ് ഇൻഡസ്ട്രീസ് എന്ററർപ്രൈസസ്.13/504

II)എ.എം.എച്ച് ടയർ ഷോപ്പ്,18/382

III)മോട്ടോ ഹബ്,14/613,614

IV)കെ.സി.എസ് ട്രേഡേഴ്സ്(കെട്ടിട നം.ഇല്ല)

V)എം.എം.എസ് ട്രേഡേഴ്സ്,7/83

VI)ഏദൻ ആയുർവേദ ഹോംസ്റ്റേ,(കെട്ടിട നം രേഖപ്പെടുത്തിയിട്ടില്ല)

VII)എ.കെ ട്രേഡേഴ്സ്,20/385

VIII)അമ്മൂസ് ഫാഷൻ,(കെട്ടിട നം രേഖപ്പെടുത്തിയിട്ടില്ല)

IX) യൂണിവേഴ്സൽ ട്രേഡേഴ്സ്,14/337

X)അൻഷാദ് സ്റ്റോർ,14/532

XI)വി.എം.എ സ്റ്റോർ,14/354

XII)രാജഗിരി നഴ്സറി,(കെട്ടിട നം രേഖപ്പെടുത്തിയിട്ടില്ല)

XIII)പി.എസ്.അസോസിയേറ്റ്സ്,(കെട്ടിട നം.ഇല്ല)

XIV)അരുവി കാറ്റിൽ ഫീഡ്സ്,13/562

ലൈസൻസ് രജിസ്റ്ററിൽ മേൽ സ്ഥാപനങ്ങൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷത്തിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാനവശേഷിക്കുന്നു എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഫീൽഡ് പരിശോധനയിലൂടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി എല്ലാ വാണിജ്യ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/ 29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന് അനുസൃതമായി ഈടാക്കിയിട്ടില്ല

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്ത ഈ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പ്രകാരമുള്ള പരിഷ്കരിച്ച ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിഭാഗം	മേഖല	മൂലധന നിക്ഷേപം	ഈടാക്കാവുന്ന വാർഷിക

				ലൈസൻസ് ഫീ (രൂപയിൽ)
1	മൈക്രോ എന്റർപ്രൈസസ്	ഉൽപാദന മേഖല	25 ലക്ഷം രൂപയിൽ കൂടാത്തത്	500
		സേവന മേഖല	10 ലക്ഷം രൂപയിൽ കൂടാത്തത്	
2	മിനി എന്റർപ്രൈസസ്	ഉൽപാദന മേഖല	25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും	1000
		സേവന മേഖല	10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും	
3	സ്മാൾ എന്റർപ്രൈസസ്	ഉൽപാദന മേഖല	ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും	5000
		സേവന മേഖല	50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും	
4	മീഡിയം എന്റർപ്രൈസസ്	ഉൽപാദന മേഖല	5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും	10000
		സേവന മേഖല	2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും	
5	ലാർജ് എന്റർപ്രൈസസ്	ഉൽപാദന മേഖല	10 കോടി രൂപയിൽ കൂടുതൽ	15000
		സേവന മേഖല	5 കോടി രൂപയിൽ കൂടുതൽ	

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപങ്ങളും ഈടാക്കിയ

ലൈസൻസ് ഫീയും പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടു.

ലൈസൻസ് നൽകിയ വ്യക്തിയുടെ പേര്	സ്ഥാപനത്തിന്റെ പേര് വാർഡ്/ കെട്ടിട നം.	സംരംഭം	മൂലധന നിക്ഷേപം	ഈടാക്കിയ ലൈസൻസ് ഫീസ്	ഈടാക്കാവുന്ന ലൈസൻസ് ഫീസ്	കുറവായി ഈടാക്കിയ ലൈസൻസ് ഫീ
രാജൻ	കേരള ഫീഡ്സ് ലിമിറ്റഡ്, കുറ്റിപ്പാടം 2/98	കാലിത്തീറ്റ നിർമ്മാണം/ സംഭരണം	3 കോടി 84 ലക്ഷം	2000	5000	3000
ശിവദാസൻ	ആരാധന ഡിഎഫ് കെയർ പ്രൊഡക്റ്റസ്, 12/748	ചകിരി, കയർ, ചകിരി ചോർ നിർമ്മാണം	32 ലക്ഷം	900	1000	100

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/29.09.25) കേരള ഫീഡ്സ് ലിമിറ്റഡ്,കുറ്റിപ്പാടം എന്ന സ്ഥാപനത്തിന് ബാക്കി തുക ഈടാക്കുന്നതിനായി 3.10.25 തീയതിയിൽ 4978671-2025 നമ്പർ കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തിന് അനുസൃതമായി ഈടാക്കേണ്ട ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതാണ്. മേൽ വിഷയം പരിശോധിച്ച് ലൈസൻസ് ഫീ പുനക്രമീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് കുറവ് വന്ന 3100/- രൂപ ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-16 ആംബുലൻസ് വാടക വരവുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികളിലെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങൾക്കായി 29.11.2021 തീയതിയിലെ ആർ.ഡി.6/2075/2020(10) നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ വികസന ഫണ്ട് വിനിയോഗിച്ച് Tata Motors Company Ltd -ന്റെ 05.04.22 തീയതിയിലെ ഇൻവോയ്സ് മുഖേന Gem ൽ നിന്നും 16.06.2022 തീയതിയിൽ KL- 70 G -4765 നം. ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ആംബുലൻസ് ഫയൽ, ലോഗ് ബുക്ക്, ഹാജരാക്കിയ ട്രിപ് ഷീറ്റുകൾ, കളക്ഷൻ രസീതുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1)30.04.2022 തീയതിയിൽ ആംബുലൻസ് വാങ്ങിയെങ്കിലും 30.11.23 തീയതിയിലെ ഭരണ സമിതി തീരുമാനം 11 പ്രകാരം 20.01.24 തീയതി മുതലാണ് ആംബുലൻസ് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണത്തിന്(നം.10/26.10.24) ആംബുലൻസ് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈ മാറുന്നതിനും വനം വകുപ്പ് ആംബുലൻസ് ഏറ്റെടുക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് പട്ടിക വർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനും

ആയി നടപടികൾ സ്വീകരിച്ചുവെന്നും പട്ടിക വർഗ്ഗ വികസന വകുപ്പും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഭരണ സമിതി തീരുമാനം എടുത്ത് ആംബുലൻസ് പ്രവർത്തന ക്ഷമമാക്കി എന്നുമാണ് മറുപടി നൽകിയത്. ജില്ലയിൽ തന്നെ വലുപ്പത്തിൽ രണ്ടാമത്തെ പഞ്ചായത്തായ മുതലമടയിലെ ജനങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കേണ്ടുന്ന ആംബുലൻസ് പ്രവർത്തന ക്ഷമമാക്കാതെ മറ്റ് വകുപ്പുകൾക്ക് വിട്ടു കൊടുക്കാൻ നടപടികൾ സ്വീകരിച്ചതിലെ ഔചിത്യം വ്യക്തമല്ല. മാത്രവുമല്ല വനംവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ഏറ്റെടുക്കാൻ തയ്യാറായില്ല എന്നതിൽ നിന്നും ടി വകുപ്പിന് ആംബുലൻസ് ആവശ്യമില്ലായിരുന്നു എന്ന് വ്യക്തമാണ്. ഇതിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് MLA ഫണ്ടിൽ നിന്നും വാങ്ങി നൽകിയ ആംബുലൻസ് ഉപയോഗിക്കുന്നതിൽ പഞ്ചായത്തിന് താൽപ്പര്യം ഇല്ലായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

2)ആംബുലൻസ് വാടക ഈടാക്കുന്നതിനായി പ്രത്യേക രസീതി പുസ്തകങ്ങൾ പഞ്ചായത്തിൽ സ്റ്റോക്കിലെടുത്ത് നൽകിയിട്ടില്ല. ഡ്രൈവർ സൂക്ഷിക്കുന്ന ട്രിപ് ഷീറ്റിലാണ് യാത്രാ വിവരങ്ങളും കളക്ഷനും രേഖപ്പെടുത്തുന്നത്.
ബൈലോ തയ്യാറാക്കി പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ചെങ്കിലും നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചില്ല എന്ന കാരണത്താൽ ബൈലോ തിരികെ നൽകിയെന്നും അതിൽ രസീതി ബുക്കിന്റെ ഉപയോഗം അടക്കമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിയമപ്രകാരം ബൈലോ സമർപ്പിക്കുമെന്നും അറിയിച്ചിട്ടുണ്ട്.
വാടക വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 അനുസരിച്ച് വരവിന് രശീതികൾ നൽകേണ്ടതാണ്.

3)കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 05.02.25 മുതൽക്കുള്ള ILGMS,KSMART രശീതികളാണ് അടവു വിവരങ്ങൾ പരിശോധിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ളത്. 01.04.24 മുതൽ 04.02.25 വരെയുള്ള ആംബുലൻസ് വാടക അടവു വിവരങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4)ലോഗ് ബുക്കിലെ യാത്രാ വിവരങ്ങളും ട്രിപ് ഷീറ്റിലെ യാത്രാ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഉദാ:

22.11.24 തീയതിയിൽ കാമ്പ്രത്ത്ചള്ളയിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് (256 KM,5 HOUR Halt) പോയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രിപ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.ഇതു പോലെ 26.11.24,29.11.24,02.12.24,03.12.24,16.12.24,19.12.24 തുടങ്ങി നിരവധി തീയതികളിൽ യാത്രകൾ നടത്തിയതായി ലോഗ് ബുക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ട്രിപ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ദിവസങ്ങളിൽ വരവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.
പഞ്ചായത്ത് പ്രസിഡന്റിന്റെയോ ഭരണ സമിതിയുടെയോ തീരുമാന പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ ആംബുലൻസ് ഉപയോഗിക്കാറുണ്ടെന്നും അത്തരം സന്ദർഭങ്ങളിൽ ആംബുലൻസ് ഉപയോഗിച്ചതാണ് പ്രസ്തുത ദിനങ്ങളിലെന്നും മറുപടി നൽകിയിട്ടുണ്ട്.

5)വാഹനം പൊതുയിടങ്ങളിൽ ഓടുന്നതിന് നിരക്ക്, സേവന വേതന വ്യവസ്ഥ, രശീതി നൽകലും അവയുടെ ഒടുക്ക് എന്നിവ നിശ്ചയിക്കേണ്ടതാണ്. 20.03.25 തീയതിയിലാണ് ബൈലോ അംഗീകാരത്തിനായി തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്. നാളിതുവരെയായും ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമാവലി അംഗീകരിച്ചതായി കാണുന്നില്ല. നിയമാവലി അംഗീകരി ക്കുന്നതുവരെ ഭരണസമിതിക്ക് ആയത് നിശ്ചയിക്കാവുന്നതാണ്. എന്നാൽ ആംബുലൻസിന്റെ വാടക നിരക്ക് ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. കിലോ മീറ്ററിന് 18 രൂപ നിരക്കിലും വെയ്റ്റിംഗ് ചാർജ് മണിക്കൂറിന് 100 രൂപ നിരക്കിലും ഈടാക്കി വരുന്നു എന്ന് ഡ്രൈവർ അറിയിച്ചെങ്കിലും ലഭ്യമാക്കിയ ട്രിപ് ഷീറ്റ് പരിശോധിച്ചതിൽ വ്യത്യസ്ത നിരക്കുകളിലാണ് വാടക ഈടാക്കുന്നത് എന്ന് കണ്ടെത്തി.

ഉദാ:

ക്രമ നമ്പർ	ട്രിപ് നം & തീയതി	ഓടിയ ആകെ ദൂരം	വെയ്റ്റിംഗ് (മണിക്കൂർ)	ഈടാക്കിയ തുക	സ്ഥലം
1	92/ 16.11.24	173 Km	2	4500	കള്ളിയംപാറ കോളനി മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജ് വരെ
2	93/18.11.24	130 Km	4	2850	കാമ്പ്രത്ത് ചള്ള മുതൽ പാലക്കാട് ഗവ.ഹോസ്പിറ്റൽ വരെ
3	94/28.11.24	210 Km	4	4500	കാമ്പ്രത്ത് ചള്ള,കള്ളിയംപാറ കോളനി മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജ് വരെ
4	96/05.12.24	177km	1	4650	കാമ്പ്രത്ത് ചള്ള മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജ് വരെ
5	99/17.12.24	75 Km	2	1850	കാമ്പ്രത്ത് ചള്ള മുതൽ പാലക്കാട് ഗവ. ഹോസ്പിറ്റൽ വരെ

മേൽ പറഞ്ഞ യാത്രകൾ ഉൾപ്പെടെ ഓരോ യാത്രകൾക്കും എന്ത് മാനദണ്ഡങ്ങൾ

ക്കനുസരിച്ചാണ് വാടക ഈടാക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.
ട്രൈബൽ യാത്രക്കാർക്കാണ് ട്രിപ്പ് ഷീറ്റ് നൽകുന്നതെന്നും മറ്റ് യാത്രക്കാർക്ക് രസീത് നൽകുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.കിലോ മീറ്ററിന് 18 രൂപ നിരക്കിലും വെയ്റ്റിംഗ് ചാർജ് മണിക്കൂറിന് 100 രൂപ നിരക്കിലും ഭരണ സമിതി തീരുമാന പ്രകാരം ഈടാക്കുന്നുണ്ടെന്നും കുറവായ നിരക്ക് ഈടാക്കാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും നൽകിയ മറുപടി അംഗീകരിക്കുന്നില്ല.എല്ലാ വിഭാഗക്കാർക്കും രസീത് നൽകേണ്ടതും ബൈലോ അംഗീകരിക്കും വരെ കൃത്യമായ നിരക്ക് സമിതി അംഗീകരിച്ച് തീരുമാനം എടുക്കേണ്ടതും പ്രസ്തുത നിരക്കിൽ വാടക ഈടാക്കേണ്ടതുമാണ്.

6)ട്രൈബൽ കമ്മ്യൂണിറ്റിയിൽപ്പെട്ട യാത്രക്കാർക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് വണ്ടി വാടക അനുവദിക്കുന്നത്.യാത്ര നടത്തിയതിനു ശേഷം ട്രൈബൽ ഹെൽത്ത് പ്രൊമോട്ടറുടെ സാക്ഷ്യ പത്രം സഹിതം അപേക്ഷ നൽകുകയും തുടർന്ന് പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ധനസഹായം പഞ്ചായത്തിന് ലഭ്യമാക്കുമെന്നും അറിയിച്ചുവെങ്കിലും ഏത് അക്കൌണ്ടിലാണ് ഇപ്രകാരമുള്ള വരവ് ലഭ്യമാകുന്നതെന്നോ നാളിതു വരെയായി യാത്ര നടത്തിയ എത്ര ട്രൈബൽ അംഗങ്ങൾക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നോ വ്യക്തമല്ല.പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

7) ഉപയോഗം കഴിഞ്ഞ ട്രിപ് ഷീറ്റ് ബുക്കിൽ ക്യാൻസൽ ചെയ്യുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ (ട്രിപ് ഷീറ്റിൽ രേഖപ്പെടുത്തിയ 26.3.25 തീയതിക്ക് ശേഷം) ഒഴിഞ്ഞ ട്രിപ് ഷീറ്റുകൾ സൂക്ഷിച്ചിരിക്കുന്നു.
ഉപയോഗിക്കാത്ത ട്രിപ്പ് ഷീറ്റുകൾ ക്യാൻസൽ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ വരവുകളുടെ കൃത്യത, അവയുടെ ഒടുക്ക് എന്നിവ ഓഡിറ്റിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയത് ഉറപ്പാക്കേണ്ടതും, തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 പൊളിച്ചുമാറ്റിയ കെട്ടിട അവശിഷ്ടങ്ങൾ നാളിതുവരെ ലേലം ചെയ്തില്ല

31.01.25 തീയതിയിലെ ഭരണ സമിതി യോഗ തീരുമാനം നം.1, അജണ്ട-3 ലെ തീരുമാനം നം.1,തീരുമാനം നം.2 എന്നിവ പ്രകാരം താഴെ പറയുന്ന മിനുട്ട്സ് അംഗീകരിച്ചിട്ടുണ്ട്.

തീരുമാനം നം.1

പ്രൊജക്റ്റ് നം.452/23-24 തേക്കടി സ്ക്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഭാഗമായി അവശേഷിച്ച ജി ഐ ഷീറ്റ്, ഇരുമ്പ്, കമ്പി എന്നിവയുടെ 59843/- രൂപയുടെ വാലുവേഷൻ എ ഇ സമർപ്പിച്ചത് യോഗം അംഗീകരിച്ചു. ആയത് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം അംഗീകരിച്ചു.

തീരുമാനം നം.2

പ്രൊജക്റ്റ് നം.110/23-24 മീങ്കര ആയുർവേദ, പോത്തംപാടം ഹോമിയോ ആശുപത്രി മെയിന്റനൻസ് എന്ന പ്രവർത്തിയുടെ ഭാഗമായി അവശേഷിച്ച ആസ്ബസ്റ്റോസ് ഷീറ്റ്, ഇരുമ്പ് എന്നിവയുടെ 18873/- രൂപയുടെ വാലുവേഷൻ എ ഇ സമർപ്പിച്ചത് യോഗം അംഗീകരിച്ചു. ആയത് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം അംഗീകരിച്ചു.

മുകളിൽ പറയുന്ന ലേലങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ/ ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/04.10.2025) മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.
മേൽ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-18 വാടക പിരിവ് -കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാടക രജിസ്റ്റർ, എഗ്രിമെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 2005 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3(5, 6, 7) പ്രകാരം ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

2.വാടക രജിസ്റ്റർ പ്രകാരം ലഭ്യമായ കടമുറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടകക്കാരന്റെ പേര്	കെട്ടിട നം
1	ഷംസത്ത് ബീഗം	7/658
2	ബ്രിജേഷ്	5/275
3	ഷിഫാന	7/659
4	ശബരിപ്രിയ	7/660

ഇതിൽ 7/659 നം. കടമുറി പഞ്ചായത്തിന്റെ അധീനതയിലുള്ള ഗോവിന്ദാപുരം ബസ് സ്റ്റാന്റിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ മാർക്കറ്റ് ഫീ വരവിനത്തിൽ തൻവർഷം ബസ് സ്റ്റാന്റിൽ നിന്നും വരവ് രേഖപ്പെടുത്തിയിട്ടില്ല. ബസ് സ്റ്റാന്റ് ലേലം നടത്തിയതിന്റെ വിവരങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല .

3. മുൻ വർഷങ്ങളിലെ രജിസ്റ്റർ പരിശോധിച്ചതിൽ 6/554 നം. കടമുറി വാടകയ്ക്ക് നൽകിയതായി കാണുന്നു.എന്നാൽ നിലവിൽ പ്രസ്തുത കടമുറിയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള കടമുറികളുടെ (വാടകയ്ക്ക് നൽകിയതും,ഒഴിഞ്ഞു കിടക്കുന്നതുമായവ)മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്(2023-24 ഓഡിറ്റ് പരാമർശം 1-13 കാണുക).

മേൽ പരാമർശങ്ങൾക്ക്(ഓഡിറ്റ് അന്വേഷണം നം.43/04.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയങ്ങൾ പരിശോധനാവിധേയമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-19 വിവിധ വരവിനങ്ങളിലെ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

I)താഴെ പറയുന്ന രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

1.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

2.റെഗുലറൈസേഷൻ രജിസ്റ്റർ

3.ഫാം അനിമൽ ലൈസൻസ് ഫീ രജിസ്റ്റർ

4.ആംബുലൻസ് ഹയർ ചാർജ് രജിസ്റ്റർ

II)താഴെ പറയുന്ന രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

1.ലേലം രജിസ്റ്റർ

2.പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ലൈസൻസ് രജിസ്റ്റർ

3.ട്യൂട്ടോറിയൽ ലൈസൻസ് രജിസ്റ്റർ

മേൽ പറഞ്ഞ രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ ഈ ഇനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ലേലവുമായി ബന്ധപ്പെട്ട് 1-17 നമ്പർ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ലേലങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ലേലം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2 പാരാമെഡിക്കൽ സ്ഥാപനങ്ങളും ഒരു ട്യൂട്ടോറിയൽ സ്ഥാപനവുമാണ് ലൈസൻസ് /രജിസ്ട്രേഷൻ എടുത്തിരിക്കുന്നത്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ/ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി ലൈസൻസ്/രജിസ്ട്രേഷൻ നൽകേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

1-20 കുടുംബാരോഗ്യ കേന്ദ്രം - താത്കാലിക ജീവനക്കാർക്ക് അധികവേതനം നല്കി

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി

പ്രോജക്ട് നം-177/25
(കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ-(SO)
അടങ്കൽ-327620
വികസനഫണ്ട്(ജനറൽ)
ചെലവ്-259229
വികസനഫണ്ട്(ജനറൽ)
ബിൽ നമ്പർ –
1) 2/2024-24 തീയതി 18.6.24
84400/-
2). 4/2024-24 തീയതി 25.6.24
165659/-
3) 8/2024-24 തീയതി 8. 7.24

9170/-
2) പ്രോജക്ട് നം-36/25 (കുടുംബാരോഗ്യ കേന്ദ്രം താൽക്കാലിക ജീവനക്കാർക്ക് വേതനം) അടങ്കൽ-1000000 – വികസനഫണ്ട്(ജനറൽ) ചെലവ്-639273 ബിൽ നമ്പർ - 1) 7/2024-24 തീയതി 8.7.24 89343/- 2) 16/2024-24 തീയതി 16.8.24 105570/- 3) 20/2024-24 തീയതി 7.9.24 103610/- 4) 27/2024-24 തീയതി 18.10.24 52650/- 5) 31/2024-24 തീയതി 8.11.24 47700/- 6) 37/2024-24 തീയതി 18. 12.24 41650/- 7) 39/2024-24 തീയതി 10.1.25 52650/- 8) 44/2024-24 തീയതി 26.2.25 52650/- 9) 50/2024-25 തീയതി 18.03.25 40800/- 10) 56/2024-24 തീയതി 26.03.25 52650/-

കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചയ്ക്ക് ശേഷമുള്ള ഒ.പി നടത്തുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച താൽക്കാലിക ജീവനക്കാരായ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി തൻവർഷം രണ്ടു പ്രോജക്ടുകളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

31/3/24 ന് സേവന കാലാവധി അവസാനിക്കുന്ന ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവർക്ക് ഒരു വർഷം കൂടി സേവനകാലയളവ് ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 12.06.2024 ലെ 21(3) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരുടെ സേവനകാലയളവ് ദീർഘിപ്പിച്ചത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. 24/06/2024 മുതൽ സ്റ്റാഫ് നഴ്സായി സഫ്ന എസ് -നെ നിയമനം നടത്തിയിട്ടുണ്ട്. (ഭരണ സമിതിയുടെ

12.06.2024 തീയതിയിലെ 19(1) നമ്പർ തീരുമാനം)
ദിവസ വേതന ജീവനക്കാരുമായി കരാർ പുതുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ
ആവശ്യപ്പെട്ടതിന് മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

10/07/2023- ലെ ഡി.ബി3/143/2023/തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പി.എച്ച്.സി/സി.എച്ച്.സി/ എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ദിവസവേതനം/ കരാർ വ്യവസ്ഥകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ വേതനം സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. പുതുക്കിയ നിരക്ക് 2023 ഏപ്രിൽ മുതൽ ബാധകമാണ്. പ്രസ്തുത നിരക്കിലും അധികരിച്ചാണ് പ്രൊജക്ട് പ്രകാരം വേതനം നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു

ഡോ സോണിയ കെ വി, (അക്കൌണ്ട് നമ്പർ.110065980053, IFSC-CNRB0001317)

മാസം	ഡോക്ടർക്ക് നൽകിയ വേതനം	നൽകാവുന്ന വേതനം 1960/Day, Maximum-52920	അധികമായി നൽകിയത്	ബിൽ നം തീയതി
3/24	53404	27x 1960=52920	484	2/2024-25 തീയതി 18/6/24 84400/-
4/24	53075	25x1960=49000	4075	4/2024-25 തീയതി 18/6/24 165659/-
5/24	55458	27x1960=52920	2538	4/2024-25 തീയതി 18/6/24 165659/-
6/24	57321	27x1960=52920	4401	7/2024-25 തീയതി 89343/-
			11498	

സജിത കെ, ഫാർമസിസ്റ്റ് (അക്കൌണ്ട് നമ്പർ No.33435851873o, IFSC-SBIN0011928)

മാസം	ഫാർമസിസ്റ്റിന് നൽകിയ വേതനം	നൽകാവുന്ന വേതനം 850/Day Maximum -22950	അധികമായി നൽകിയത്	ബിൽ നം തീയതി

3/24	30996	27x 850=22950	8046	2/2024-25 തീയതി 18/6/24 84400/-
4/24	27278	23x 850=19550	7728	4/2024-25 തീയതി 18/6/24 165659/-
5/24	29848	26x 850=22100	7748	4/2024-25 തീയതി 18/6/24 165659/-
6/24	32022	27x 850=22950	9072	7/2024-25 തീയതി 89343
			32594	

താത്ക്കാലിക ജീവനക്കാരായ ഡോക്ടർ സോണിയ കെ. വി. ക്ക് 11498/- രൂപയും സജിത കെ ഫാർമസിസ്റ്റിന് 32594/- രൂപ അധികമായി നൽകിയിട്ടുണ്ട്.

കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 41-4/10/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

താത്കാലിക ജീവനക്കാർക്ക് 44092 രൂപ (11498 +32594) അധികമായി നൽകി ചെലവു ചെയ്തത് നിരാകരിക്കുന്നു. അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാറിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക).

1-21 സർക്കാർ ഉത്തരവ് പാലിക്കാതെ കുടുംബാരോഗ്യ കേന്ദ്രത്തിൽ രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രോജക്ട് നം-177/25(കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ- (SO) അടങ്കൽ-327620 (വികസനഫണ്ട്(ജനറൽ) ചെലവ്-259229 വികസനഫണ്ട്(ജനറൽ)
2) പ്രോജക്ട് നം-36/25 (കുടുംബാരോഗ്യ കേന്ദ്രം താൽക്കാലിക ജീവനക്കാർക്ക് വേതനം)

അടങ്കൽ-1000000 (
വികസനഫണ്ട്(ജനറൽ)
ചെലവ്-639273

സർക്കുലർ നം.ഡിഎ1/363/2023/തസ്വഭവ, തീയതി. 25/10/2023 , ഖണ്ഡിക (V) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 7.6.2 ഖണ്ഡികയിൽ വ്യക്തത വരുത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും ആണ് പരമാവധി നിയമിക്കാവുന്ന സ്റ്റാഫ്.

ഖണ്ഡിക (Iii) പ്രകാരം പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത, എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ മാത്രമേ കോഡിനേഷൻ കമ്മറ്റിയുടെ അനുമതിയോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനി അധികം സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മുതലമട കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. (ഫാർമസിസ്റ്റ് - സജിത . കെ, സ്റ്റാഫ് നഴ്സ്- സഫ്ന എസ്)

താഴെ പറയും പ്രകാരം ഫാർമസിസ്റ്റിനും സ്റ്റാഫ് നഴ്സിനും വേതനം അനുവദിച്ചിട്ടുണ്ട്.

മാസം	ഫാർമസിസ്റ്റിന് നൽകിയ വേതനം അക്കൗണ്ട് നമ്പർ 33435851873	സ്റ്റാഫ് നഴ്സിന് നൽകിയ വേതനം അക്കൗണ്ട് നമ്പർ 31119616062	ബിൽ നം തീയതി
6/24	32022	9170	1)7/2024-25 തീയതി 89343/- 2)8/2024-25 തീയതി 8/7/24 9170/-
7/24	22950	29700	16/2024-25 തീയതി 14/8/24

			105570/-
8/24	22950	29700	20/2024-25 തീയതി 7/9/24 103610/-
9/24	22950	29700	27/2024-25 തീയതി 18/10/24 52650/-
10/24	22950	24750	31/2024-25 തീയതി 8/11/24 47700/-
11/24	22950	18700	37/2024-25 തീയതി 18/12/24 41650/-
12/24	22950	29700	39/2024-25 തീയതി 10/1/25 52650/-
1/25	22950	29700	44/2024-25 തീയതി 22/2/25 52650/-
2/25	22100	18700	50/2024-25 തീയതി 18/3/25 40800/-
3/25	22950	29700	56/2024-25 തീയതി 26/3/25 52650/-
ആകെ	214772	249520	

സർക്കാർ ഉത്തരവുകൾ പാലിക്കാതെ രണ്ട് പാരാമെഡിക്കൽ സ്റ്റാഫിന് വേതനം നല്കിയതിനുള്ള കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 41- 4/10/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് പാലിക്കാതെ ഒന്നിനു പകരം രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ച് അധിക നിയമനം നടത്തിയതിൽ സ്റ്റാഫ് നഴ്സിന് നല്കിയ വേതനം 249520/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്ട്	53/25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് അവശ്യ മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , ആയുർവേദം
അടങ്കൽ	300000 രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ്: തുക/ ബിൽ നം/ തീയതി	300000 രൂപ 6/24-25 Dt 22.03.2025

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണം നടത്തിയ ഗവ ഹോമിയോ ഡിസ്പെൻസറിയ്ക്ക് അവശ്യ മരുന്നു വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം തൻ വർഷം ആവശ്യപ്പെട്ട 300000 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. (Medicine Order Number & Date – Order/ 09N13/2024-2025/1 Dt 5/12/2024)

22.03.25 ന് 6/24-25 നം ബിൽ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി HOMCO ക്ക് (അക്കൌണ്ട് നമ്പർ - 34306403911) (IFSC Code SBIN0012873) തുക കൈമാറിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 26-/29/09/2025 ന് മരുന്നുകൾ വേഗം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

1-23 നടീൽ വസ്തുക്കൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	ബിൽ നമ്പർ
43/25 ട്രൈബൽ കോളനികളിലെ കർഷകർക്ക് നടീൽ വസ്തുക്കളുടെ വിതരണം	100000/- (തനത് ഫണ്ട്)	100000/- (തനത് ഫണ്ട്)	ചെക്ക് നമ്പർ MA0730416 തീയതി 21/03/25 തുക 321980/-

ട്രൈബൽ കോളനിയിലെ കർഷകർക്ക് നടീൽ വസ്തുക്കളായ കുരുമുളക് , പച്ചക്കറി, കപ്പ ,ജാതി ,കവുങ്ങ് മഞ്ഞൾ ,ചേന തുടങ്ങിയ ഗുണമേന്മയുള്ള തൈകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നതിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക

എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ (നമ്പർ PKD 2425/P1 60 തീയതി 18/03/25) 1,00,000 രൂപ VFPCK , പാലക്കാട് - ന് നൽകിയിട്ടുണ്ട് (അക്കൌണ്ട് നമ്പർ. 67298489037) . നടീൽ വസ്തുക്കളായ കവുങ്ങ് – ഇന്റർമംഗള (5x7) – 1004 എണ്ണം ഒന്നിന് 30 രൂപ പ്രകാരവും , (8x10) ജാതി ബഡ് - 233 എണ്ണം ഒന്നിന് 300 രൂപ നിരക്കൽ വാങ്ങുന്നതിനാണ് സ്ഥാപനത്തിന് മേൽ തുക നല്കിയിട്ടുള്ളത്.

രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ നടീൽ വസ്തുക്കൾ ലഭ്യമായിട്ടില്ല. കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (26-/29/09/2025) നുള്ള മറുപടിയിൽ പറമ്പിക്കുളം വാർഡിലെ ട്രൈബൽ കോളനിയിലെ കർഷകർക്കാണ് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതെന്നും ജൈവകൃഷി ചെയ്യുന്ന സ്ഥലമായതിനാൽ ഗുണമേന്മയുള്ളതും രോഗപ്രതിരോധശേഷിയുള്ള നടീൽ വസ്തുക്കൾ മാത്രം നൽകേണ്ടതായതിനാൽ ഗവൺമെൻറ് അംഗീകൃത ഏജൻസിയായ VFPCK ക്ക് മുൻകൂറായി പണം നല്കി നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് സമയം ആവശ്യമുള്ളതുകൊണ്ടും മഴയുടെ ലഭ്യത കുറവായതിനാൽ മഴയെ ആശ്രയിച്ച കൃഷി ചെയ്യുന്ന കർഷകർക്ക് അവർ ആവശ്യപ്പെടുന്ന സമയമായ ഒക്ടോബർ മാസം മുതലാണ് തൈകൾ വിതരണം ചെയ്തുവരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഒക്ടോബർ 20 നുള്ളിൽ തൈ വിതരണം പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തൈ വിതരണം പൂർത്തിയാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-24 വയോജനങ്ങൾക്ക് വിനോദയാത്ര- മാർഗരേഖ പാലിക്കാതെ പദ്ധതി നടപ്പാക്കി

പ്രോജക്ട് നമ്പർ, പേര്	20/25, വയോജനങ്ങൾക്ക് വിനോദയാത്ര
നിർവഹണ ഉദ്യോഗസ്ഥൻ	ICDS സൂപ്പർവൈസർ
അടങ്കൽ	100000/-വികസന ഫണ്ട്-ജനറൽ 20000/- തനത് ഫണ്ട്
ചെലവ്	100000/-വികസന ഫണ്ട്-ജനറൽ 20000/-തനത് ഫണ്ട്
ബിൽ നം	57/2024-25 (Picnic For

	Old Age People) തീയതി 26/03/25 100000/- ചെക്ക് നമ്പർ 195540 തീയതി 29/03/25 20000/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വയോജനങ്ങൾക്ക് വിനോദയാത്ര എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 50 സീറ്റിംഗ് കപ്പാസിറ്റിയുള്ള 4 ബസ്സുകളിൽ പറമ്പിക്കുളം എന്ന സ്ഥലം സന്ദർശിച്ച് തിരിച്ച് വന്നതായി രേഖപ്പെടുത്തിട്ടുണ്ട്. ആയതിലേക്ക് 70000/- രൂപ വാഹന വാടകയും, 44000/- രൂപ ഭക്ഷണചിലവായും , എൻട്രൻസ് ഫീസ് - 6000/- രൂപയും ഉൾപ്പടെ ആകെ 120000/- രൂപ ലക്ഷ്മി ട്രാവൽസ് , കൊല്ലങ്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയതി 19.4.2022 പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 6.5, സബ്സിഡി മാർഗ്ഗ രേഖ -സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 വയോജനങ്ങളുടെ ക്ഷേമത്തിനായി ഏറ്റെടുക്കാവുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗ രേഖയിൽ ഉല്ലാസ യാത്രക്ക് പദ്ധതി രൂപീകരണം പ്രതിപാദിക്കാത്തതാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഫണ്ട് ഉല്ലാസയാത്രയ്ക്കായി ചെലവഴിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 36- 3/10/25 ന് മറുപടിയായി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി രൂപീകരണം പ്രതിപാദിച്ചിട്ടില്ലെങ്കിലും ഡിപിസി അംഗീകരിച്ചു തന്നതിൽ നിർവഹണം നടത്താൻ സാധിക്കും എന്നു കരുതി ഈ പ്രോജക്ട് നിർവഹണം നടത്തിയതെന്നും അറിവില്ലായ്മ കൊണ്ട് സംഭവിച്ചു പോയതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിന് ചെലവഴിച്ച 120000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

പദ്ധതി/സബ്സിഡി മാർഗരേഖ പ്രകാരം നിർവഹിക്കേണ്ട പദ്ധതികളല്ലെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയ ശേഷം മാത്രം പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വൃദ്ധർക്ക് കട്ടിൽ- ജനറൽ - മുഴുവനും വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം.	167/25 (വൃദ്ധർക്ക് കട്ടിൽ- ജനറൽ)
നിർവ്വഹണം	ഐ സി ഡി എസ് സൂപ്പർവൈസർ
അടങ്കൽ	10,00,000 (വികസന ഫണ്ട്-ജനറൽ) 6,50,000 - തനത് ഫണ്ട്
ചെലവ്	1649700/-

ബിൽ നം	1) 47/2024-25 തീയതി 22.3.25 9,99,700/- 2) ചെക്ക് നമ്പർ MA07304115 തീയതി 21/03/25 (Ref No 5086801101240067 Dt 18/03/25) 650000/-

60 വയസ്സ് പൂർത്തിയായ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായാണ് പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്

കീർത്തി ഫർണിച്ചർ , എടവിലങ്ങാട്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും (സപ്ലൈ ഓർഡർ 90 തീയതി 17.3.2025) 470 കട്ടിലുകൾ ഒരെണ്ണത്തിന് 3510 /- രൂപ പ്രകാരം വാങ്ങിയിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം 1649700/- രൂപയാണ് (470x3510= 1649700) സ്ഥാപനത്തിന് നല്കിയിട്ടുള്ളത്. (അക്കൌണ്ട് നമ്പർ 37478372018)

വാങ്ങൽ നടപടിക്രമം നടത്തിയതിന്റെ ഫയൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ ഹാജരാക്കിയിട്ടില്ല.

470 കട്ടിലുകൾ വാങ്ങിയതിൽ വിതരണ രജിസ്റ്റർ പ്രകാരം 432 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്.ബാക്കി 38 കട്ടിലുകൾ വിതരണം ചെയ്തുകാണുന്നില്ല.
ഓഡിറ്റ് അന്വേഷണം 36- 3/10/2025 ന് ജെം പോർട്ടൽ വഴിയാണ് കട്ടിലുകൾ വാങ്ങിയതെന്നും ആയതിനാലാണ് വാങ്ങൽ സംബന്ധിച്ച ഫയൽ , ജെം പർച്ചേസ് പ്രൊക്യൂർമെന്റ് തീരുമാനം ഹാജരാക്കാതിരുന്നതെന്നും ഇനി വിതരണം ചെയ്യാനുള്ള 38 കട്ടിലുകളുടെ വിതരണം രണ്ടാഴ്ചക്കുള്ളിൽ പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
വിതരണം രണ്ടാഴ്ചക്കുള്ളിൽ പൂർത്തീകരിക്കും എന്നറിയിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്ത്യ ലിസ്റ്റിൽ ഉൾപ്പെട്ട അർഹതയുള്ളവർക്ക് കട്ടിലുകൾ വിതരണം ചെയ്ത് അറിയിക്കുന്നതുവരെ വിതരണം ചെയ്യാത്ത 38 കട്ടിലുകൾക്കു ചെലവു ചെയ്ത 133380 രൂപ (38x3510) തടസ്സപ്പെടുത്തുന്നു.

1-26 തൂണക്കടവ് ജി.ടി.ഡ്യൂ.എൽ. പി സ്കൂളിന്റെ വൈദ്യുതി ബിൽ യഥാസമയം അടവാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ-ഹെഡ് മിസ്ട്രസ്, മുതലമട ഗവൺമെന്റ് എൽ പി സ്കൂൾ

പ്രോജക്ട് നം	48/25 ഗവ. സ്കൂളുകൾക്ക് ദൈനംദിന ചെലവ്
അടങ്കൽ	300000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ്	250503
ബിൽ നം,	1. 1/2024-25 തീയതി

തീയതി തുക	11/06/24 23944 2. 8/2024-25 തീയതി 03/03/25 63687/- 3.9/2024-25 തീയതി 05/03/25 116834/- 4.10/2024-25 തീയതി 20/03/25 46038/-

ഉടുമലൈ ഇലക്ട്രിസിറ്റി ഡിവിഷൻ സർക്കിൾ (സേതുമടെ) അസിസ്റ്റന്റ് എഞ്ചിനീയറുടെ 23/1/25 ലെ LRNO.AE/O&M/SMD/CC/Bill Demand പ്രകാരം ഗ്രാമപഞ്ചായത്തിലെ തൂണക്കടവ് ജി .ടി .ഡ്യൂ .എൽ. പി സ്കൂളിന്റെ 11/ 2022 മുതൽ 1/2025 വരെയുള്ള വൈദ്യുതി ബില്ലുകൾ (സർവീസ് നമ്പറുകളായ 03329003544, 03329003545, 03329003145 എന്നിവയുടെത്) TNEB03329003145, TNEB03329003544, TNEB03329003545 എന്നീ അക്കൌണ്ടുകളിലേക്ക് യഥാക്രമം 90040/- , 13274/- , 13520/- രൂപയായി ആകെ 116834/- രൂപ അടവാക്കിയിട്ടുണ്ട്. 24/02/2025 തീയതിയിലെ 1(11) ഭരണസമിതി തീരുമാനത്തിൽ തുക അടവാക്കുന്നതിന് ഹെഡ് മാസ്റ്റർ, മുതലമട ഗവൺമെന്റ് എൽ പി സ്കൂൾ - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1/11/2022 മുതലുള്ള വൈദ്യുതി ബിൽ യഥാസമയം അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 9/25.9.25 ന് 1.12.2022 മുതൽ 23.1.2025 വരെ ജോലി ചെയ്തിരുന്ന പ്രധാന അധ്യാപകർ വൈദ്യുതി ബിൽ യഥാസമയം അടവാക്കുന്നതിനായി അതത് സമയത്ത് ഗ്രാമപഞ്ചായത്തിനെ അറിയിക്കാതിരുന്നതാണ് കാരണം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

TNEB03329003145, TNEB03329003544, TNEB03329003545 എന്നീ അക്കൌണ്ടുകളിലേക്ക് യഥാക്രമം 90040/- , 13274/- , 13520/- രൂപ പ്രകാരം വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കിയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്.

കണ്ടിജന്റ് ചെലവുകൾ അതത് വർഷം തന്നെ പ്രൊജക്ടിൽ ഉൾപ്പെടുത്തി മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 സൗരവേലി - തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	382/25, സൗരവേലി
അടങ്കൽ തുക	1000000 (വികസനഫണ്ട് -ജനറൽ)
ചെലവ് തുക	1000000
ബിൽ നമ്പർ	41/13.03.25

/ തിയതി	

വന്യജീവികളുടെ ആക്രമണത്തിൽനിന്ന് കൃഷിയും ജീവനും സംരക്ഷിക്കുന്നതിനായി നെന്മാറ ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള വനാതിർത്തി പങ്കിടുന്ന ചെമ്മണാംപതി സംസ്ഥാന അതിർത്തി മുതൽ എലന്തികുളമ്പ് വരെയുള്ള 49 KM ദൂരം സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ചേർന്ന് നടത്തുന്ന മേൽ പരാമർശിച്ച പദ്ധതിക്കായി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.10.23 തീയതിയിലെ C1-456/23 നമ്പർ കത്ത് പ്രകാരം , മുതലമട ഗ്രാമപഞ്ചായത്തിന്റെ വിഹിതം 1000000 രൂപ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അക്കൗണ്ട് നമ്പറിലേക്ക് (നം- 339702010060991) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായി തുക കൈമാറിയതിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട്, തുക വിനിയോഗസാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 18 -/27.09.25) മറുപടി ലഭ്യമായില്ല.

പദ്ധതി പൂർത്തിയാക്കി വിനിയോഗരേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 കിഴക്കേ മല്ലൻ കുളമ്പ് അങ്കണവാടി നിർമ്മാണം - തുക വിനിയോഗിച്ച്. നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	189/25, കിഴക്കേ മല്ലൻ കുളമ്പ് അങ്കണ വാടി നിർമ്മാണം (സ്പിൽ ഓവർ)
അടങ്കൽ തുക	2224369 (ധനകാര്യ കമ്മീഷൻ അവാർഡ് - 424369 + കേന്ദ്രാവിഷ്കൃതഫണ്ട് -700000 + തനതുഫണ്ട്- 500000ബ്ലോക്ക് ഷെയർ- 100000 +ജില്ലാപഞ്ചായത്ത് ഷെയർ -500000)
ചെലവ് തുക	500000 - തനതുഫണ്ട്
റിക്വിസിഷൻ നമ്പർ / തിയതി	5086807201240085/25.03.25

2024-25 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി

സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തിലെ കിഴക്കേ മല്ലൻ കുളമ്പ് അങ്കണവാടിയുടെ നിർമ്മാണത്തിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി മേൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള തുക മിഷൻ ഡയറക്ടർ, NREGA തിരുവനന്തപുരത്തിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് (നം.799011400000486) കൈമാറിയിട്ടുണ്ട്.

അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി, മേൽ തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17 -/27.09.25) മറുപടി ലഭ്യമായില്ല.
നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്

2024-25 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന സ്ഥാപന ങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം, പേര്	ബിൽ/വൗച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	തുക നൽകിയത്
1	385/25, ഗോവിന്ദാപുരം എം.സി.എഫ്, വനിതവ്യവസായകേന്ദ്രം എന്നിവിടങ്ങളിലേക്ക് ലൈൻ വലിക്കലും വൈദ്യുതകണക്ഷൻ ലഭ്യമാക്കലും	22400696/31.12.24	182157	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മുതലമട
2	143/25, സോളാർ ലൈറ്റ് സ്ഥാപിക്കൽ	46/25.03.25	471226	ANERT (Agency For New And Renewable Energy Research And Technology) ജില്ലാ ഓഫീസ്, പാലക്കാട്

കൂടാതെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ചവയിൽ ക്രമ നം 1 ന്റെ നിർവ്വഹണത്തിൽ ടി നിർദ്ദേശം

പാലിച്ചിട്ടില്ല.
ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -20/27.09.25) മറുപടി ലഭ്യമായില്ല.
പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈമാറൽ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	5/25 സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈമാറൽ
അടങ്കൽ തുക	100000(തനതു ഫണ്ട്)
ചെലവ് തുക	100000
വൗച്ചർ നമ്പർ / തിയതി	42400785/31.03.25

ഗ്രാമപഞ്ചായത്തിലെ കോക്ലിയർ ഇംപ്ളാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വാർഷിക ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പിലാക്കിയ മേൽ പരാമർശിച്ച പദ്ധതി പ്രകാരം 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (നം - 3301005800000015) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ദീപിക.എ D/O അനന്തകുമാർ, ചിലമ്പത്ത് ഹൗസ്, പോത്തമ്പാടം എന്ന ഗുണഭോക്താവിനായി 50000 രൂപ അനുവദിക്കണമെന്നാണ് ടിയാരിയുടെ രക്ഷാകർത്താവ് സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 50000 രൂപയുടെ ചെലവു വിവരം ഫയലിൽ ലഭ്യമായിട്ടില്ല.

ദീപിക എന്ന കുട്ടിക്കായി 100000 രൂപ ചെലവഴിച്ചതാണോ, മറ്റൊരു ഗുണഭോക്താവു കൂടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കിയിട്ടില്ല.
തസ്വഭ (ഡി എ)) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023- പ്രകാരം, മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തികവർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറുന്നതിനും നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം തുകയുടെ വിനിയോഗസാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. ചെലവുതുകയുടെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാകുന്നതുവരെ 50000 രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19 -/27.09.25) മറുപടി ലഭ്യമായില്ല.

1-31 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	69/25, ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം
അടങ്കൽ തുക	2180000 (വികസനഫണ്ട് -ജനറൽ- 307925 + തനതുഫണ്ട് - 1872075)
ചെലവ് തുക	1515360 (വികസനഫണ്ട് -ജനറൽ- 307925 + തനതുഫണ്ട് - 1207435)
ബിൽ നമ്പർ /റിക്വിസിഷൻ നമ്പർ തിയതി	34/04.02.25 – 307925 5686807201240062/15.02.25 – 619220 5686807201240088/28.03.25 - 478560 5686807201240063/18.02.25 - 109655

ഗ്രാമപഞ്ചായത്തിന്റെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ ടാങ്കർ ലോറി മുഖേന കുടിവെള്ളം വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ചു നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ആകെ 1515360 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ ഷമീർ മുത്താരുത്തൊടി എന്ന വ്യക്തിക്ക് **1263860** രൂപയും കേരള വാട്ടർ അതോറിറ്റിക്ക് **225707** രൂപയും നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ഇനത്തിൽ **25793** രൂപ അടവാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാ.ധാ) നം 405/2024/L.S.G.D /19.02.2024 പ്രകാരം 31 .03.24 വരെ 6 ലക്ഷം രൂപയും 01.04.24 മുതൽ 31.05.2024 വരെ 12ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിൽ കൂടുതൽ തുക ചെലവു വന്നിട്ടുണ്ടെങ്കിലും തൻവർഷത്തിൽ തുക അധികരിച്ചു നൽകിയിട്ടില്ല.

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)- 15.03.24 മുതൽ 31.03 24 വരെ 43800 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 282007 രൂപയാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്. (ബിൽതുക - 315360 -KWA ബിൽ - 33353 = 282007)

സർക്കുലർ പ്രകാരം മാർച്ച് 31 വരെ ആകെ ചെലവഴിക്കാവുന്നത് 6 ലക്ഷം

രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത് 315360(282007+ 33353)രൂപയാണ്.

2) 01.04.24 മുതൽ 30.04,24 വരെ 1002000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 645138 രൂപയാണ്കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്. (ബിൽതുക –721440 -KWA ബിൽ - 76302 = 645138)

3)- 01.05.24 മുതൽ 31.05.24 വരെ 1524000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 981228 രൂപയാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്.(ബിൽതുക - 1097280 -KWA ബിൽ - 116052 = 981228)

4)- 01.06.24 മുതൽ 05.07.24 വരെ 6000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 258828 രൂപയാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്.(ബിൽതുക - 289440 -KWA ബിൽ - 30612 = 258828)

ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് ഗ്രാമപഞ്ചായത്ത് ആകെ ചെലവഴിച്ചിട്ടുള്ളത് 12ലക്ഷം രൂപയാണ് . (ആകെ പദ്ധതി ചെലവുതുക- 1515360- മാർച്ച് മാസത്തിലെ ബിൽ തുക - 315360 = 1200000)

എന്നാൽ ഗ്രാമപഞ്ചായത്തിന് 2024 ജൂലായ് വരെ ആകെ ചെലവു വന്നിട്ടുള്ളത് 2108160 (1885194 +222966)രൂപയാണ്.

(ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിലെ ബിൽ പ്രകാരം കരാറുകാരന് നൽകേണ്ട തുക – 645138+981228+258828= 1885194

ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിലെ ബിൽ പ്രകാരം KWA ക്കു നൽകേണ്ട തുക -76302+116052+30612 = 222966)

സർക്കുലർ പ്രകാരം 01.04.24 മുതൽ 31.05.2024 വരെ ആകെ ചെലവഴിക്കാവുന്നത് 12ലക്ഷം രൂപയാണ് .

ഓഡിറ്റ് വർഷത്തിൽ തുക സർക്കാർ ഉത്തരവിൽ അധികരിച്ചു നൽകിയിട്ടില്ലെങ്കിലും പിന്നീട് അധിക തുക ചെലവു വന്നിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.

1). 28.05.24 ലെ SC4-2745/2024 നമ്പർ കത്ത് പ്രകാരം, ഗ്രാമപഞ്ചായത്തിൽ കാലവർഷം ദുർബലമായതിനാലും കുടിവെള്ളക്ഷാമം തുടർന്നുകൊണ്ടിരിക്കുന്നതിനാലും ടാങ്കർ ലോറിയിലൂടെയുള്ള കുടിവെള്ള വിതരണം മഴ ശക്തി പ്രാപിക്കുന്നതു വരെ തുടരുന്നതിനുള്ള അനുമതി നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് . എന്നാൽ അനുമതി ലഭ്യമായിട്ടില്ല.

2). 23.05.24 ലെ 4(2) നമ്പർ തീരുമാനം പ്രകാരം 31.05.2024 നു ശേഷവും കുടിവെള്ളം വിതരണം ചെയ്യുന്നതിനും ആയതിനുള്ള ചെലവ് പ്രോജക്ട് നമ്പർ - 69/25 പ്രകാരം നിർവ്വഹിക്കുന്നതിനും തീരുമാനിക്കുകയും ആയതിന് കോ ഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 15.06.24 ലെ SC4-2745/2024 നമ്പർ കത്ത് പ്രകാരം മേൽ പരാമർശിച്ച ഭരണസമിതി തീരുമാനം സാധൂകരിച്ചു നൽകുന്നതിനായി സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിക്ക് കത്തയച്ചിട്ടുണ്ട്.എന്നാൽ സാധൂകരണം ലഭ്യമായിട്ടില്ല.

3). 23.04.25 ലെ 4(2) നമ്പർ തീരുമാനം പ്രകാരം 2024 ജൂൺ 7 മുതൽ 2024ജൂലായ് 5 വരെ കുടിവെള്ള വിതരണം നടത്തിയതിന്റെ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിന് കളക്ടറുടെ അനുമതി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അനുമതി ലഭ്യമായിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശത്തിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകയറി നം- 40/ 03-10-2025 ന് മറുപടി ലഭ്യമായില്ല)

1-32 സൗരറാന്തൽ - വിതരണം പൂർത്തിയായാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	464/25, സൗരറാന്തൽ -എസ്.ടി
അടങ്കൽ തുക	200000 (വികസനഫണ്ട് - ടി.എസ്.പി)
ചെലവ് തുക	174800
ബിൽ നമ്പർ / തിയതി	21/22.03.25

മുതലമട ഗ്രാമപഞ്ചായത്തിലെ പറമ്പിക്കുളം മേഖലയിലെ നെന്മാറ **D.F.O** യുടെ പരിധിയിലുള്ള തേക്കടിയിലെ അല്ലിമൂപ്പൻ, മൂപ്പതേക്കര്, ഒറവൻപാടി കോളനികളിലും പറമ്പിക്കുളം **D.F.O** യുടെ പരിധിയിലുള്ള കുരിയാർകുറ്റി, കച്ചിത്തോട്, പൂപ്പാറ എന്നീ കോളനികളിലും വൈദ്യുതി എത്താത്ത പ്രദേശങ്ങളായതിനാൽ **Solar Light** വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ്. ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് **ANERT** ന്റെ അക്കൗണ്ടിലേക്ക് **(**അക്കൗണ്ട് നമ്പർ **- 67141838546)** തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് അനർട്ട് ജില്ലാ എഞ്ചിനീയറും അസിസ്റ്റന്റ് സെക്രട്ടറിയും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുപ്പതേക്കർ ഉന്നതിയിലുള്ള **33** പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും കച്ചിത്തോട് പ്രദേശത്തുള്ള **13** പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുന്നതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കരാർ വ്യവസ്ഥ ക്രമ നമ്പർ 7 പ്രകാരം **46** സൗര വിളക്കുകൾ ഉടമ്പടിക്കു ശേഷം മൂന്നു മാസത്തിനുള്ളിൽ വിതരണം ചെയ്തു പൂർത്തിയാക്കേണ്ടതാണ്. **ഇൻവോയ്സ് നമ്പർ EES/25-26/A-172/30.07.25 പ്രകാരം ആകെ 46** സൗര വിളക്കുകൾ ലഭ്യമായതിൽ **38** ഗുണഭോക്താക്കൾക്കു മാത്രമാണ് **(**മുപ്പതേക്കർ ഉന്നതിയിലുള്ള **33** പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും കച്ചിത്തോട് പ്രദേശത്തുള്ള **5** ഗുണഭോക്താക്കൾക്കും) സൗരറാന്തൽ വിതരണം ചെയ്തിട്ടുള്ളത്. ബാക്കി **8** ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(നം- 35/03-10-2025)** വിതരണം ചെയ്യാത്ത **8** സൗര വിളക്കുകൾ ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-33 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over) - പ്രവൃത്തി

പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	200/25, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over)
അടങ്കൽ തുക	475000 (വികസനഫണ്ട് - ടി.എസ്.പി)
ചെലവ് തുക	125000
ബിൽ നമ്പർ / തിയതി	09/16.10.24 - 50000 15/31.01.25 – 50000 10/16.10.24 - 25000

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്.

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥി പദ്ധതിയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റിയതായും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പേര്, വിലാസം	നൽകിയ തുക	ബാക്കി നൽകാനുള്ള തുക
1	സന്തോഷ്കുമാർ S/O ശിവകുമാർ, കണ്ടൻതോട്, ഗോവിന്ദാപുരം	100000	100000

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 34/**02-10-2025**) നാളിതുവരെ സ്ഥിതിവിവര റിപ്പോർട്ട് സമർപ്പിക്കാത്തതിനാലാണ് ബാക്കി തുക അനുവദിക്കാത്തത് എന്നും സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കും മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തിയായതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1- 34 എസ്.ടി കുട്ടികൾക്കായി പഠനമുറി (Spill Over) - പ്രവൃത്തി

പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	199/25, എസ്.ടി കുട്ടികൾക്കായി പഠനമുറി (Spill Over)
അടങ്കൽ തുക	275000 (വികസനഫണ്ട് – ടി.എസ്.പി)
ചെലവ് തുക	100000
ബിൽ നമ്പർ / തിയതി	8/16.10.24 – 50000 11/16.10.24 -50000

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്.

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥി പദ്ധതിയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റിയതായും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പേര്, വിലാസം	നൽകിയ തുക	ബാക്കി നൽകാനുള്ള തുക
1	സജിത D/O ശെൽവരാജ്, ഒറ്റൻചള്ള, മീങ്കര	175000	25000

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 32/03-10-2025) ടി വിദ്യാർത്ഥി നാളിതുവരെ സ്ഥിതിവിവര റിപ്പോർട്ട് സമർപ്പിക്കാത്തതിനാലാണ് ബാക്കി തുക അനുവദിക്കാത്തത് എന്നും വീട് പൂർത്തീകരണ സർട്ടിഫിക്കറ്റും വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭിക്കും മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തിയായതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-35 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over) - പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	204/25, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (Spill Over)
അടങ്കൽ തുക	1100000 (വികസനഫണ്ട് - ടി.എസ്.പി)
ചെലവ് തുക	100000
ബിൽ നമ്പർ / തിയതി	12/16.10.24 - 50000 16/31.01.25 - 50000

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്.

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥി പദ്ധതിയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റിയതായും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പേര്, വിലാസം	നൽകിയ തുക	ബാക്കി നൽകാനുള്ള തുക
1	കണ്ണൻ.പി S/O പഴനിചാമി, കരടിക്കുന്ന്, ഗോവിന്ദാപുരം	150000	50000

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 33/**02-10-2025**) അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ് ടിയാന് തുക അനുവദിക്കാത്തത് ആയത് ലഭിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തിയായതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1- 36 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	26/25, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ തുക	40000 (വികസനഫണ്ട്-ടി.എസ്.പി)
ചെലവ് തുക	30000
ബിൽ നമ്പർ / തിയതി	22/22.03.2025

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്.

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥി പദ്ധതിയുടെ ആദ്യഗഡു കൈപ്പറ്റിയതായും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പേര്, വിലാസം	നൽകിയ തുക	ബാക്കി നൽകാനുള്ള തുക
1	അഹല്യ.D/O കണ്ണൻ, കാട്ടുപതി കോളനി	30000	170000

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം-31/**02-10-2025)** നിർമ്മാണം വിവിധ ഘട്ടത്തിലാണ് എന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തിയായതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-37 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 120098546 രൂപ വകയിരുത്തിയതിൽ 31830288 രൂപ യാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ ചെലവ് ശതമാനം 27%. ആകെയുള്ള 178 പദ്ധതികളിൽ (99സ്പിൽ ഓവർ + 79 പുതിയവ) 61എണ്ണം (60 സ്പിൽ ഓവർ +1പുതിയ പദ്ധതി) മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ച 99 സ്പിൽ ഓവർ പദ്ധതികളിൽ 39 എണ്ണവും നടപ്പാക്കിയിട്ടില്ല. പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെയും ചെലവ് ശതമാനത്തിന്റെയും വിവരം താഴെ ചേർക്കുന്നു.

ഫണ്ട്	വകയിരുത്തൽ	ചെലവ്	ചെലവ് ശതമാനം
വികസന ഫണ്ട്-ജനറൽ	9734465	885457	9
വികസന ഫണ്ട്-എസ് സി പി	6186488	3139538	51
വികസന ഫണ്ട്-ടി എസ് പി	6340417	2465629	39
CFC	18410109	7196345	39
കേന്ദ്രാവിഷ്കൃതം	1649159	0	0
സംസ്ഥാനാവിഷ്കൃതം	2716666	0	0
തനത് ഫണ്ട്	12244367	1450030	12
മെയിന്റനൻസ് റോഡ്	48047815	9890604	21
മെയിന്റനൻസ് റോഡിതരം	10769060	6802685	63
ബ്ലോക്ക് പഞ്ചായത്ത്	3000000	0	0
ജില്ലാ പഞ്ചായത്ത്	1000000	0	0
ആകെ	120098546	31830288	27

ആകെ അടങ്കലിന്റെ 40%വും റോഡ് മെയ്ന്റനൻസ് പ്രവൃത്തികൾക്കാണ് വകയിരുത്തിയിട്ടുള്ളത്. ആകെ അടങ്കലിന്റെ 15% മാത്രമാണ് CFC പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്.

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്ന സാഹചര്യം നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരമാണ് വിശദമാക്കിയിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം - 13/26.09.25)

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഡി പി സി അംഗീകാരം 2024 ഫെബ്രുവരി മാസത്തിൽ തത്വത്തിൽ ലഭിച്ചുവെങ്കിലും സ്പിൽ ഓവർ പ്രവൃത്തികളുടെ തുക നടപ്പു സാമ്പത്തിക വർഷം കണ്ടെത്തേണ്ടതിനാലും, ഫണ്ട് അടിസ്ഥാനത്തിൽ ഏതെല്ലാം പ്രൊജക്ടുകൾക്കാണ് ഭേദഗതി ആവശ്യമായി ആവശ്യമായി വരുകയെന്നതിൽ അനിശ്ചിതത്വമുള്ളതിനാലും പുതിയ പദ്ധതികളുടെ നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. പിന്നീടുള്ള ഡി പി സിയിൽ 99 സ്പിൽ ഓവർ പദ്ധതികൾ നിലനിർത്തുകയും പുതിയ 75

പദ്ധതികളിൽ 44 എണ്ണം ഉപേക്ഷിക്കുകയും 9 പദ്ധതികൾ ഭേദഗതി ചെയ്യുകയും ചെയ്തു. ഭരണസമിതിയുടെ അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ ബാക്കിയുള്ള 22 പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിഞ്ഞില്ല. പദ്ധതികളുടെ അന്തിമ രൂപരേഖക്ക് ഒക്ടോബർ മാസം മാത്രമാണ് ഡി പി സി അംഗീകാരം ലഭ്യമായത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതും, ഓവർസിയർമാരെ ഡീലിമിറ്റേഷൻ ജോലികൾക്ക് നിയോഗിച്ചതും, ജനുവരി/25 വരെ അസി.എഞ്ചിനീയറുടെ സ്ഥിരനിയമനം ഗ്രാമപഞ്ചായത്തിൽ ഇല്ലാതിരുന്നതും പദ്ധതി നിർവ്വഹണത്തിന് വിഘാതമായി.

നടപ്പു സാമ്പത്തിക വർഷം സ്പിൽ ഓവർ അടക്കമുള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. 14-ാം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയാത്ത പ്രൊജക്ടുകളെ ബഹുവർഷ പ്രൊജക്ടായി തയ്യാറാക്കേണ്ടതാണ്.

<u>റോഡ്,റോഡിതര ഫണ്ടുകളുടെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടതാണ്</u>

റോഡ് മെയ്ന്റനൻസിന് വകയിരുത്തിയ തുകയുടെ 21% വും , റോഡിതര മെയ്ന്റനൻസിന് വകയിരുത്തിയ തുകയുടെ 63% വും ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. നിലവിൽ റോഡ്,റോഡിതര ഫണ്ടുകളുടെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി റോഡ്,റോഡിതര ഫണ്ടുകൾ മുൻഗണനാ ക്രമത്തിൽ വിനിയോഗിക്കേണ്ടതാണ്.

<u>ആസ്തി രജിസ്റ്റർ</u>

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുമാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തികളുടെ അപ്ഡേഷൻ വിവരങ്ങളുടെ തൽസ്ഥിതി നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം -6/24.09.25)

ആസ്തി വിവരങ്ങൾ കാലികമാക്കൽ സമബന്ധിതമായി

പൂർത്തീകരിക്കേണ്ടതാണ്. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാനുവലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-38 ഇതരവകുപ്പുകളിൽ നിന്ന് നിരാക്ഷേപപത്രം ലഭ്യമാക്കാതെ പദ്ധതി രൂപീകരിക്കുന്നതിനാൽ പൂർത്തീകരണം വൈകുന്നു

പ്രൊജക്ട് - 243/22-23 – കിഴക്കെ മല്ലൻകുളമ്പ് റോഡ് ടാറിങ്ങ്, സൈഡ് കെട്ടൽ

അടങ്കൽ - 765000 – മെയിന്റനൻസ് ഫണ്ട് (റോഡ്)

കരാർ - 82/22 -23/ 31.03.23

കരാറുകാരൻ - ജി. പ്രമോദ്കുമാർ

പൂർത്തീകരണ സമയം - 4 മാസം

ചെലവ് - 206338 – ബിൽ - 51/25.03.25

